പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 323 29-06-2011-ൽ മറുപടിക്ക്

മദ്യഷാപ്പുകൾ അനുവദിക്കുന്നതിൽ പഞ്ചായത്ത്‌രാജ് നഗരപാലിക നിയമങ്ങളിൽ ഭേദഗതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ഡോ.എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | പഞ്ചായത്ത്‌രാജ് നഗരപാലിക നിയമങ്ങളിലെ മദ്യനിരോധന ജനാധികാര വകുപ്പുകൾ (232, 447) റദ്ദ് ചെയ്തുകൊണ്ട് സംസ്ഥാനത്ത് ഉത്തരവ് ഇറക്കിയത് എന്നാണ്; | (എ) | കേരള പഞ്ചായത്ത്‌രാജ് ആക്റ്റ് 232-ാം വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്റ്റ് 447-ാം വകുപ്പും പൂർണ്ണമായി റദ്ദാക്കിയിട്ടില്ല. കേരള പഞ്ചായത്ത്‌രാജ് ആക്റ്റ് 232-ാം വകുപ്പിലെ (2) മുതൽ (4)വരെയുള്ള ഉപ വകുപ്പുകളും കേരള മുനിസിപ്പാലിറ്റി ആക്ട് 447-ാം വകുപ്പിലെ (6) മുതൽ (8) വരെയുള്ള ഉപ വകുപ്പുകളും യഥാക്രമം 1999-ലെ 13-ാം ആക്റ്റും 14-ാം ആക്റ്റും പ്രകാരം 24/03/1999 തീയതി മുതൽ റദ്ദാക്കിയിട്ടുണ്ട്. |
| (ബി) | ഒരു പ്രദേശത്ത് മദ്യഷാപ്പുകൾ അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനിക്കാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകുന്ന ഈ വകുപ്പുകൾ നേരത്തെ റദ്ദ് ചെയ്തത് പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | പ്രസ്തുത വകുപ്പ് റദ്ദ് ചെയ്യുക വഴി പഞ്ചായത്തുകൾക്ക് ഇക്കാര്യത്തിലുണ്ടായിരുന്ന അധികാരം നഷ്ടപ്പെട്ടത് മദ്യഷാപ്പുകൾ ക്രമാതീതമായി വർദ്ധിക്കുന്നതിന് ഇടയാക്കുന്നുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | എങ്കിൽ മദ്യഷാപ്പുകൾ അനുവദിക്കുന്ന കാര്യത്തിൽ നിയന്ത്രണാധികാരം പഞ്ചായത്തുകൾക്ക് നൽകുന്നതിന് നിയമ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ആഫീസർ